(1)	(2)	(3)
7	എറണാകുളം	315
8	തൃശ്ശൂർ	291
9	പാലക്കാട്	172
10	മലപ്പുറം	390
11	കോഴിക്കോട്	317
12	വയനാട്	75
13	കണ്ണൂർ	294
14	കാസർഗോഡ്	48
	ആകെ	3015

ഡോ. ജയരാജ് എകാംഗ കമ്മീഷൻ ശിപാർശകൾ

261 (1686) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. ജയരാജ് ഏകാംഗ കമ്മീഷൻ ശിപാർശകൾ നൽകിയതിൽ ഏതെല്ലാം ശുപാർശകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സ്പെഷ്യൽ സ്കൂളുകളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തികകൾ ഉൾപ്പെടുത്തണം എന്ന പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയനുസരിച്ച് ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഡിസ്ട്രിക്ട് എർലി ഇന്റർവെൻഷൻ സെന്റർ (DEIC)-കളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തികകൾ ഉൾപ്പെടുത്തുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് എർലി ഇന്റർവെൻഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly